**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.647** **04.02.2020-ൽ മറുപടിക്ക്**

**കോതമംഗലം സബ് സ്റ്റേഷൻ**

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കോതമംഗലം 220 Kv സബ്സ്റ്റേഷന്റെ നിർമ്മാണം 60 % പൂർത്തിയായി. അനുബന്ധ കെ.വി ലൈനിന്റെ പണിയും പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ബി) | നിലവിലുള്ള 66 കെ.വി. യിൽ നിന്നും എത്ര കെ.വി. വരെയാണ് പ്രസ്തുത സബ് സ്റ്റേഷന്റെ ശേഷി ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | നിലവിലുള്ള **66** കെ.വി. യിൽ നിന്നും **220** കെ.വി ആയി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സബ് സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും, ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | 220/110 കെ.വി ലൈൻ കറുകടത്ത് വച്ച് പഴയ ഇടുക്കി – മാടക്കത്തറ ലൈനുമായി യോജിപ്പിച്ച് 3.6 കി.മീറ്ററോളം വലിച്ച് കോതമംഗലം സബ്സ്റ്റേഷനിൽ എത്തിച്ചാണ് 220 കെ.വി സപ്ലൈ പ്രസ്തുത സബ്സ്റ്റേഷനിൽ ലഭ്യമാക്കുന്നത്. ഈ ലൈനിന്റെ നിർമ്മാണം പൂർത്തിയായി. രണ്ട് 220/110 കെ.വി 100 മെഗാവാട്ട് ട്രാൻസ്ഫോർമറുകളിൽ ഒരെണ്ണവും രണ്ട് 110/11 കെ.വി 20 മെഗാവാട്ട് ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു കഴിഞ്ഞു. ടവറുകളും ഉപകരണങ്ങളും സ്ഥാപിക്കുന്ന ജോലി 60% പൂർത്തിയായി കൺട്രോൾ റൂമിന്റെ പണി 90% പൂർത്തിയായി. ബാക്കി പ്രവൃത്തികൾ 2020 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷൻ ഭാഗികമായി 2020 മാർച്ച് മാസത്തിൽ തന്നെ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | കോതമംഗലം സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് **63.60** കോടിയും അനുബന്ധ ലൈൻ നിർമ്മാണത്തിന് **10.30** കോടി രൂപയും ആണ് വകയിരുത്തിയിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പ്രവൃത്തി മൊത്തമായി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത പ്രവൃത്തി പൂർണ്ണമായും **2020** ജൂലൈയിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ